# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

## 2003 ഫെബ്രുവരി 27, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

91 (*379) അക്ഷയ പദ്ധതി

വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി 2002 നവംബർ 18-ന് തുടക്കം കുറിച്ച അക്ഷയ പദ്ധതി പൈലറ്റടിസ്ഥാനത്തിൽ മലപ്പുറം, തിരുവനന്തപുരം ജില്ലകളിൽ നടപ്പാക്കാനും രണ്ടു വർഷം കൊണ്ട് ഘട്ടം ഘട്ടമായി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മലപ്പുറം ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഇതിനുള്ള സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഓരോ വീട്ടിൽനിന്നും ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്നത് വീട്ടുകാർ തന്നെയാണ്. ഏകദേശം 3500-ഓളം ചെറുപ്പക്കാർക്ക് ഇതുമൂലം നേരിട്ടു തൊഴിൽ ലഭിക്കും. ജനങ്ങൾക്ക് അവരുടെ പ്രവർത്തനമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലനം നൽകി കമ്പ്യൂട്ടർ വിദ്യാഭ്യാസം സാധാരണ

ജനങ്ങളിലെത്തിച്ച് ജീവിത നിലവാരം മെച്ചപ്പെടുത്താനും പുതിയൊരു സംസ്കാരം വളർത്തിയെടുക്കാനുമാണ് ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളെ ബന്ധിപ്പിച്ചുകൊണ്ട് കമ്പ്യൂട്ടർ വൽക്കരണം വ്യാപകമാക്കാൻ നടപടികളെടുത്തുവരുന്നു. കേന്ദ്ര ഐ.റ്റി. സെക്രട്ടറിയുമായി ബന്ധപ്പെട്ട് എൻ.ഐ.സി.യിൽ നിന്ന് കൂടുതൽ കമ്പ്യൂട്ടറുകൾ സ്ക്കൂളുകളിൽ ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്. സ്വയം തൊഴിൽ കണ്ടെത്തൽ സംരംഭത്തിലൂടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ പഞ്ചായത്തുകൾ ട്രെയിനിംഗിനും ഗവൺമെന്റ് കണ്ടന്റ് നിർമ്മാണം, ബോധവൽക്കരണ പരിപാടികൾ എന്നിവയ്ക്കും ് ആവശ്യമായ തുക നൽകുന്നു. എല്ലാ വകുപ്പുകളിലും ഇ-ഗവർണൻസ് സംവിധാനം വരുന്നതോടുകൂടി കൂടുതൽ വേഗതയിൽ പ്രയോജനപ്രദമായ രീതിയിൽ കാര്യങ്ങൾ ജനങ്ങളിൽ എത്തിക്കാൻ കഴിയുന്നതാണ്. എൽ.പി./യൂ.പി. വിദ്യാർത്ഥികൾക്കുകൂടി കമ്പ്യൂട്ടർ പഠനം ഏർപ്പെടുത്തുന്ന കാര്യം പി.ടി.എ.യുമായി ആലോചിക്കുന്നതാണ്. എസ്.സി./എസ്.ടി.യ്ക്കും മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും അക്ഷയ പദ്ധതിയിൽ കമ്പ്യൂട്ടർ പഠനത്തിന് ഫീസിളവും മറ്റാനുകൂല്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

92 (*380) <u>പാൻ മസാലയുടെ ഉപയോഗം തടയാൻ നടപടി</u>

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ലഹരിവസ്തുക്കൾ കലർന്ന മിഠായികളുടേയും പാൻ മസാലയുടേയും ഉപയോഗം വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പാൻ മസാല ഉപയോഗിക്കുന്നതിന്റെ ദൂഷ്യവശങ്ങൾ പൊതുജനങ്ങളെയും സ്ക്കൂൾ-കോളേജ് വിദ്യാർത്ഥികളേയും ബോധവൽക്കരിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റേയും റീജിയണൽ ക്യാൻസർ അസോസിയേഷന്റെയും ആഭിമുഖ്യത്തിൽ വിവിധ തലങ്ങളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട്

പാൻമസാലയുടെ വിപണനം നിരോധിക്കാൻ കഴിയുന്ന വിധം ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതാണ്. നിലവിലുള്ള നിയമമുപയോഗിച്ച് പാൻമസാലയുടെ വിൽപ്പന തടയാൻ ഫുഡ് ഇൻസ്പെക്ടർമാർ നടപടി സ്വീകരിച്ചുവരുന്നു. കുറ്റക്കാരായവർക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ക്കൂൾ പരിസരങ്ങളിൽ പാൻമസാല വിൽപ്പന നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. നിലവിലുള്ള നിയമമുപയോഗിച്ച് പാൻമസാലയുടെ ഉപയോഗം 5 വർഷത്തേയ്ക്ക് നിരോധിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പാൻമസാലയുടെ ഉപയോഗം തടയാൻ സാദ്ധ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

93 (*381, *383) <u>പോലീസ് സംവിധാനത്തിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ</u>

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയുടെ നവീകരണത്തിനായി 2000–2001–ൽ 58.57 കോടി രൂപയുടേയും 2001–2002, 2002–2003 എന്നീ വർഷങ്ങളിൽ 63 കോടി രൂപയുടെ വീതവും പദ്ധതികൾ നടപ്പിലാക്കി വരുന്നതായി സഭയെ അറിയിച്ചു. ഇതിന്റെ 50 ശതമാനം കേന്ദ്രഗവൺമെന്റും 50 ശതമാനം സംസ്ഥാന ഗവൺമെന്റുമാണ് നഹിക്കുന്നത്. കേന്ദ്രവിഹിതത്തിൽ 50 ശതമാനം ഗ്രാന്റ്–ഇൻ–എയിഡും ബാക്കി ലോണുമാണ്. കൂടാതെ 11–ാം ധനകാര്യ കമ്മിഷൻ അവാർഡിലെ പൂർണ്ണ ധനസഹായവും ലഭിക്കുന്നുണ്ട്. പോലീസ് സ്റ്റേഷനുകളിൽ കുറ്റാന്വേഷണം, ക്രമസമാധാന പാലനം എന്നിവ ഓരോ സബ് ഇൻസ്പെക്ടർമാരുടെ ചുമതലയിൽ നിലവിലുള്ള അംഗസംഖ്യ പുനർനിർണ്ണയം നടത്തി രണ്ടുവിഭാഗങ്ങളിലായി പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം സിറ്റിയിൽ 17 പോലീസ് സ്റ്റേഷനുകളിൽ ആരംഭിക്കുന്നതാണ്. വിജയമെന്നു കണ്ടാൽ കൊച്ചി, കോഴിക്കോട്

സിറ്റികളിൽകൂടി നടപ്പിലാക്കുന്നതാണ്. നവീകരണത്തിന്റെ ഭാഗമായി പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ, സർക്കിൾ ഓഫീസ്, സബ് ഡിവിഷണൽ പോലീസ് ഓഫീസ്, ബറ്റാലിയനുകളിലേയും എ.ആർ. ക്യാമ്പുകളിലേയും ബാരക്കുകൾ എന്നിവ നിർമ്മിക്കാനും പഴയവ പുതുക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ജൂനിയർലെവൽ ഉദ്യോഗസ്ഥൻമാർക്ക് 512–ഉം മദ്ധ്യനിര ഉദ്യോഗസ്ഥൻമാർക്ക് 128–ഉം സീനിയർ ലെവൽ ഉദ്യോഗസ്ഥൻമാർക്ക് 6–ഉം ക്വാർട്ടേഴ്സുകൾ നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഹെവി വാഹനങ്ങൾ, മീഡിയം വാഹനങ്ങൾ, ലോറികൾ, ആംബുലൻസ്, ജീപ്പ്, കാറ്, മോട്ടോർസൈക്കിളുകൾ (100 സി.സി.) എന്നിവ വാങ്ങിയിട്ടുണ്ട്. 9 എം.എം.പിസ്റ്റളുകൾ, മൾട്ടി ഷോട്ട് ഗൺ, സെൽഫ് ലോഡിംഗ് റൈഫിൾ, ടിയർ സ്മോക്ക് ഇമ്മ്യൂണിഷൻ, പ്ലാസ്റ്റിക് പെലറ്റ്, റബർ ബുള്ളറ്റ് എന്നിവ വാങ്ങാൻ നടപടി സ്വീകരിച്ചുവരുന്നു. ടെലികമ്മ്യൂണിക്കേഷൻ വിഭാഗം നവീകരിക്കുന്നതിനായി പുതിയ വി.എച്ച്.എഫ്./യു.എച്ച്.എഫ്. സെറ്റുകൾ, വർക്കുഷോപ്പ് ഉപകരണങ്ങൾ, ഡാറ്റാ കമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്ക് എന്നിവ ഏർപ്പെടുത്താനും പരിശീലനത്തിന് തൃശ്ശൂരിൽ കേരള പോലീസ് അക്കാഡമിക് കെട്ടിടങ്ങൾ പണിയാനും നടപടികൾ സ്വീകരിച്ചുവരുന്നു. ബോംബ് കണ്ടെത്തുന്നതിനും നശിപ്പിക്കുന്നതിനുമുള്ള ഉപകരണങ്ങൾ, റയട്ട് കൺട്രോൾ ഉപകരണങ്ങൾ, ഫോട്ടോകോപ്പിയറുകൾ, ട്രാഫിക് കൺട്രോൾ ഉപകരണങ്ങൾ, എഫ്.എസ്.എൽ.ഫിംഗർ പ്രിന്റ് ബ്യൂറോ, ഫോട്ടോഗ്രാഫിക് ബ്യൂറോ എന്നിവ വാങ്ങുന്നതിനും പോലീസ് ആസ്ഥാനം, ഐ.ജി. ഓഫീസുകൾ, ഇന്റലിജൻസ്., ക്രൈംബ്രാഞ്ച്, എസ്.സി.ആർ.സി. തുടങ്ങി ഡിവിഷണൽ ഓഫീസ് വരെയുള്ള കമ്പ്യൂട്ടർവൽക്കരണത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു. തീവ്രവാദ ആക്രമണം തടയുന്നതിന് കേരളത്തിലുള്ള ഓരോ പോലീസ് ബറ്റാലിയനിലും ഓരോ പ്ലാറ്റ്യൂൺ വീതം പ്രത്യേക പരിശീലനം നൽകി ഒരു സ്ക്വാഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സമയ പരിധിയില്ലാതെ പണിയെടുക്കുന്ന പോലീസ് സേനയുടെ ക്ഷേമ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതാണ്. പി.എസ്.സി.യിൽ നിന്നും

അഡ്വൈസ് മെമ്മോ ലഭിച്ച മുഴുവനാളുകൾക്കും അടിയന്തിരമായി പരിശീലനം നൽകി ഒഴിവുകൾ നികത്തുന്നതാണ്. വനിതാ പോലീസുകാരുടെ എണ്ണം ആകെ സേനയുടെ പത്തുശതമാനമായി ഉയർത്തുന്നതാണ്. എസ്.ഐ.മാരുടെ ഡയറക്ട് റിക്രൂട്ട്മെന്റ് അടിയന്തിരമായി പുനരാരംഭിക്കുന്നതാണ്. . ഇത്തരം പരിഷ്ക്കാരങ്ങൾകൊണ്ട് പോലീസ് സേനയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുമെന്നാണ് കരുതുന്നത്. ജനങ്ങളോട് സൗഹാർദ്ദമായും മര്യാദയായും പെരുമാറാൻ കഴിയുന്ന വിധത്തിൽ പരിശീലനം നൽകി മാറ്റിയെടുക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിന് എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു. മുത്തങ്ങ സംഭവവുമായി ബന്ധപ്പെട്ട് ജയിലിൽ കഴിയുന്ന എല്ലാവർക്കും ആവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കണമെന്നും ജാമ്യാപേക്ഷ നൽകിയ സ്ത്രീകൾക്കും കുട്ടികൾക്കും ജാമ്യം നല്കണമെന്നും ജാമ്യാപേക്ഷ നൽകാത്തവർക്ക് ഗവൺമെന്റ് മുൻകയ്യെടുത്ത് ജാമ്യാപേക്ഷ നൽകണമെന്നും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മോചിപ്പിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിരിക്കുകയാണെന്നും അവരെ കഴിയുന്നതും വേഗം മോചിപ്പിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

94 (*393) <u>പ്ലാസ്റ്റിക് കുപ്പികളിലടച്ച് വിൽക്കപ്പെടുന്ന വെള്ളം</u>

ആരോഗ്യവകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, പ്ലാസ്റ്റിക് കുപ്പികളിലടച്ച് സംസ്ഥാനത്താകമാനം വിൽക്കപ്പെടുന്ന വെള്ളത്തിൽ ആരോഗ്യത്തിന് ഹാനികരമായ കോളിഫോം ബാക്ടീരിയ അടങ്ങിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിച്ചു. 20-2-2003-ൽ കേന്ദ്ര ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവ്വീസസിൽ നിന്നും ലഭിച്ച പുതുക്കിയ ചട്ടത്തിലെ

നിർദ്ദേശമനുസരിച്ച് സംസ്ഥാനത്തെ എല്ലാ അനലറ്റിക്കൽ ലബോറട്ടറികളിലും മിനറൽ വാട്ടർ/പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ എന്നിവയിൽ കീടനാശിനികളുടെ അംശം അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനങ്ങൾ സജ്ജമാക്കുന്നതിനും ലബോറട്ടറി സ്റ്റാഫിന് പരിശീലനം നൽകുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

95 (* 403) കോമ്പൗണ്ടിംഗ് അദാലത്ത്

ഗ്രാമവികസന വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് 14 ജില്ലകളിലും നടത്തിയ കോംപൗണ്ടിംഗ് അദാലത്തിൽ 15-2-2003 വരെ 30800 കേസ്സുകൾ തീർപ്പാക്കിയതുവഴി 4,71,80,752 രൂപ വരുമാനം ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

111 (2230) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ഇതുവരെ 6,91,33,310 രൂപ 14 ജില്ലകൾക്കായി അനുവദിച്ചിട്ടുണ്ട്.

112 (2332) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2002-2003-ലെ പദ്ധതി വിഹിതമായ 1342 കോടി രൂപയിൽ 1006.50 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

113 (2409) അട്ടപ്പാടി ഹിൽ ഏരിയ ഡെവലപ്പുമെന്റ് സൊസൈറ്റി

കേന്ദ്രഗവണ്മെന്റിന്റെ അംഗീകാരമുള്ള അട്ടപ്പാടി ഹിൽ ഏരിയ ഡെവലപ്പുമെന്റ് സൊസൈറ്റി (അഹാഡ്സ്) വനവൽക്കരണം, വനസംരക്ഷണം, മണ്ണ്-ജലസംരക്ഷണം, കാർഷിക വനവൽക്കരണം, കൃഷിവികസനം, പശ്ചാത്തല

സൗകര്യവികസനം, ചെറുകിട തൊഴിൽ സംരംഭങ്ങൾ, ജലവിഭവ വികസനം, ഊര് വികസനം, ദുർബലവിഭാഗങ്ങൾക്കുവേണ്ടിയുള്ള സാമൂഹ്യവികസനം, ജനകീയ സംവിധാനങ്ങളുടെ കാര്യശേഷി പോഷണം, പരിശീലനം, ബോധവൽക്കരണം, അനുപൂരക പാരിസ്ഥിതിക ഘടകങ്ങൾ എന്നീ പ്രവർത്തനങ്ങളാണ് സൊസൈറ്റി ഏറ്റെടുത്തിട്ടുള്ളത്. അഹാഡ്സിന് ജപ്പാൻ ബാങ്ക് ഫോർ ഇന്റർ നാഷണൽ കോ–ഓപ്പറേഷനിൽനിന്ന് സഹായം ലഭിച്ചിട്ടുണ്ട്.

................................